പാഠം 2

# കുടുംബം

## ശബ്ബത്ത് സായാഹ്നം

**ഈയാഴ്ചയിലെ പഠനത്തിനായി വായിക്കുക: ഉല്പത്തി 3:1-15; 2 കൊരി. 4:6; ലൂക്കൊസ് 1:26-38; മത്തായി 1:18-24; എഫെ. 4:15; 1 യോഹ. 3:18; ആവ. 6**

**മനഃപാഠവാക്യം: "മകനേ, അപ്പന്റെ പ്രബോധനം കേൾക്ക; അമ്മയുടെ ഉപദേശം ഉപേക്ഷിക്കുകയും അരുത്" (സദൃശ. 1:8).**

മനുഷ്യരെന്ന നിലയിൽ, നാം എപ്പോഴും (ആദർശപരമായി) പഠിച്ചുകൊണ്ടിരിക്കുകയാണ്. വാസ്തവത്തിൽ, ജീവിതം തന്നെ ഒരു പാഠശാലയാണ്. "ആദ്യകാലം മുതലേ യിസ്രായേലിലെ വിശ്വസ്തർ യുവജനങ്ങളുടെ വിദ്യാഭ്യാസത്തിന് അതീവ ശ്രദ്ധ നൽകിയിരുന്നു. കുട്ടിക്കാലം മുതലേ അവന്റെ മഹത്വത്തെയും നന്മയെയും കുറിച്ച് കുട്ടികളെ പഠിപ്പിക്കണമെന്ന് ദൈവം നിർദ്ദേശിച്ചിരുന്നു, വിശേഷാൽ ന്യായപ്രമാണത്തിൽ വെളിപ്പെടുത്തിയിരിക്കുന്നതുപോലെയും, യിസ്രായേലിന്റെ ചരിത്രത്തിൽ കാണപ്പെട്ടതുപോലെയും. പാട്ടും, പ്രാർത്ഥനയും, തിരുവെഴുത്തുകളിൽ നിന്നുള്ള പാഠങ്ങളും കുട്ടികൾക്ക് പരിചിതമാക്കണമായിരുന്നു. ദൈവത്തിന്റെ ന്യായപ്രമാണം അവന്റെ സ്വഭാവത്തിന്റെ ഒരു പ്രകടനമാണെന്ന് മാതാപിതാക്കൾ അവരുടെ മക്കളെ പഠിപ്പിക്കണമായിരുന്നു, ന്യായപ്രമാണത്തിന്റെ തത്വങ്ങൾ അവരുടെ ഹൃദയത്തിൽ സ്വീകരിക്കപ്പെടുമ്പോൾ, ദൈവത്തിന്റെ സ്വരൂപം ആത്മാവിലും മനസ്സിലും പതിക്കും. പഠിപ്പിക്കലിൽ അധിക ഭാഗവും വാമൊഴിയായിരുന്നു. എന്നാൽ യുവജനങ്ങൾ എബ്രായ എഴുത്തുകൾ വായിക്കാൻ പഠിച്ചു, പഴയനിയമ തിരുവെഴുത്തുകളുടെ തോൽച്ചുരുളുകൾ അവരുടെ പഠനത്തിനു നൽകപ്പെട്ടിരുന്നു" - E. G. White, The Desire of Ages, p. 69.

മനുഷ്യചരിത്രത്തിന്റെ അധിക ഭാഗവും, ഭവനങ്ങളിലാണ് പഠനം നടന്നിരുന്നത്, പ്രത്യേകിച്ച് ആദ്യ വർഷങ്ങളിൽ. കുടുംബത്തിലെ വിദ്യാഭ്യാസത്തെക്കുറിച്ച് വേദപുസ്തകം എന്തു പറയുന്നു, നമ്മുടെ കുടുംബസാഹചര്യം എന്തു തന്നെ ആയാലും നമുക്കായി എന്ത് തത്വം എടുക്കാൻ കഴിയും?

***ഈ ആഴ്ചയിലെ പാഠം പഠിച്ച് ഒക്ടോബർ 10 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## ആദ്യ കുടുംബം

മനുഷ്യചരിത്രത്തിന്റെ ആദ്യദിനങ്ങളിൽ ഉണ്ടായിരുന്ന കുടുംബവിദ്യാഭ്യാസത്തെക്കുറിച്ച് തിരുവെഴുത്തുകളുടെ ആദ്യതാളുകളിലൊന്നും വിശദവിവരങ്ങളൊന്നും നമുക്ക് നൽകപ്പെട്ടിട്ടില്ല - വാസ്തവത്തിൽ ഒന്നും തന്നെയില്ല, എന്നാലും ആ കാലത്ത് കുടുംബഘടനയിൽ തന്നെയാണ് വിദ്യാഭ്യാസം നടന്നിരുന്നതെന്ന് നമുക്ക് ഉറപ്പിക്കാം.

"ഏദെനിൽ സ്ഥാപിതമായ വിദ്യാഭ്യാസ സമ്പ്രദായം കുടുംബത്തെ കേന്ദ്രീകരിച്ചായിരുന്നു. ആദാം 'ദൈവത്തിന്റെ പുത്രനായിരുന്നു' (ലൂക്കൊസ് 3:38), അവരുടെ പിതാവിൽനിന്നാണ് അത്യുന്നതന്റെ മക്കൾക്ക് പഠനം ലഭിച്ചത്. അവരുടേത്, ഏറ്റവും സത്യമായ നിലയിൽ, ഒരു കുടുംബപാഠശാലയായിരുന്നു" E. G. White, Education, p. 33.

കൃത്യമായി എന്താണ് പഠിപ്പിച്ചതെന്ന് നമുക്ക് അറിയില്ല എങ്കിലും, അത് സൃഷ്ടിയുടെ അത്ഭുതങ്ങളും പാപത്തിന് ശേഷം രക്ഷാപദ്ധതിയെക്കുറിച്ചും ആയിരിക്കുമെന്ന് നമുക്ക് ഉറപ്പാക്കാം.

**തുടർന്നുള്ള വാക്യങ്ങൾ എന്തു പഠിപ്പിക്കുന്നു, ആദാമും ഹവ്വയും അവരുടെ മക്കൾക്ക് നൽകിയ വിദ്യാഭ്യാസത്തിന്റെ ഒരു ഭാഗം നിശ്ചയമായും ഇവ ആകുന്നത് എന്തുകൊണ്ട്? ഉല്പത്തി 1, 2; 3:1–15; 2 കൊരി. 4:6; ലൂക്കൊസ് 10:27; ഗലാ. 3:11; വെളി. 22:12.**

"ലോകാരംഭത്തിൽ നടപ്പിലാക്കപ്പെട്ട വിദ്യാഭ്യാസ സമ്പ്രദായം തുടർന്നുള്ള കാലങ്ങളിലൊക്കെയും മനുഷ്യർക്ക് ഒരു മാതൃക ആകണമായിരുന്നു. അതിന്റെ തത്വങ്ങളുടെ ഒരു ദൃഷ്ടാന്തമായി ഏദെനിൽ ഒരു മാതൃകാ വിദ്യാലയം സ്ഥാപിക്കപ്പെട്ടു, ആദ്യ മാതാപിതാക്കളുടെ ഭവനം" - E.G. White, Education, p. 20.

ക്രിസ്തീയ വിദ്യാഭ്യാസം എന്നത് കുടുംബങ്ങളെയും അംഗങ്ങളെയും വിശ്വാസപ്രമാണത്തിലും, ആരാധനയിലും, ഗുണീകരണത്തിലും, കൂട്ടായ്മയിലും, സുവിശേഷീകരണത്തിലും, സേവനത്തിലും അഭ്യസിപ്പിക്കുന്നതിനുള്ള ഒരു സമർപ്പണമായിരുന്നു. ദൈവത്തിന്റെ വാഗ്ദത്തങ്ങളെയും സ്നേഹത്തെയും കുറിച്ച് കുടുംബാംഗങ്ങളോട് നിങ്ങൾ സുവിശേഷീകരിക്കുന്ന ഇടമാണ് ഭവനം. ഇവിടെയാണ് കുഞ്ഞുങ്ങളോട് യേശുവിനെ അവരുടെ ദൈവമായും, രക്ഷകനായും, സുഹൃത്തായും പരിചയപ്പെടുത്തുന്നതും വേദപുസ്തകത്തെ ദൈവവചനമായി ഉയർത്തിപ്പിടിക്കുന്നതും. നമ്മുടെ സ്വർഗ്ഗീയ പിതാവുമായുള്ള ഒരു ആരോഗ്യകരമായ ബന്ധം എന്തായിരിക്കണമെന്ന് മാതൃകയാക്കുന്നത് കുടുംബത്തിലാണ്.

ഉല്പത്തി 4:1–4 ൽ, കയീനും ഹാബേലും ദൈവത്തിന് അവരുടെ കാണിക്കകൾ കൊണ്ടുവരുന്ന ഭാഗമുണ്ട്. രക്ഷാപദ്ധതിയെക്കുറിച്ച് അവരുടെ കുടുംബവിദ്യാഭ്യാസത്തിന്റെ ഭാഗമായാണ് അവർ കാണിക്കകളുടെ പ്രാധാന്യത്തെയും അർത്ഥത്തെയും കുറിച്ച് പഠിച്ചതെന്ന് നമുക്ക് ഉറപ്പായും അനുമാനിക്കാം. നിശ്ചയമായും, കഥ കാണിക്കുന്നതുപോലെ, ഒരു നല്ല വിദ്യാഭ്യാസം എപ്പോഴും ഒരുവൻ ആഗ്രഹിക്കുന്നതുപോലുള്ള പരിണതഫലത്തിലേക്ക് നയിക്കുന്നില്ല.

**നിങ്ങളുടെ കുടുംബസാഹചര്യം എന്തുതന്നെ ആയാലും, സത്യം പഠിപ്പിക്കുകയും അതിൽ ജീവിക്കുകയും ചെയ്യുന്ന ഒരു പരിസ്ഥിതിയാക്കുവാനായി നിങ്ങൾക്ക് എന്ത് തിരഞ്ഞെടുപ്പുകൾ നടത്താൻ കഴിയും?**

## യേശുവിന്റെ കുട്ടിക്കാലം

യേശുവിന്റെ കുട്ടിക്കാലത്തെക്കുറിച്ച് തിരുവെഴുത്ത് നമുക്ക് വളരെ കുറച്ച് വിവരങ്ങളേ നൽകുന്നുള്ളൂ. ആ വർഷങ്ങളിലെ അധിക ഭാഗവും ഒരു മർമ്മമായി അവശേഷിക്കുന്നു. എന്നിരുന്നാലും, അവന്റെ ഐഹിക മാതാപിതാക്കളായ മറിയയുടെയും യോസേഫിന്റെയും സ്വഭാവത്തിലേക്ക് നമുക്ക് കുറച്ച് ഉൾക്കാഴ്ച നൽകിയിട്ടുണ്ട്. നാം അവരെക്കുറിച്ച് മനസ്സിലാക്കുന്നത് അവന്റെ കുട്ടിക്കാലത്തെയും പ്രാരംഭ വിദ്യാഭ്യാസത്തെയും കുറിച്ച് അറിയുവാൻ സഹായകമാകും.

**ഈ വാക്യങ്ങൾ നമ്മെ മറിയയെയും യോസേഫിനെയും കുറിച്ച് എന്ത് പഠിപ്പിക്കുന്നു, യേശുവിന്റെ മാതാപിതാക്കളാൽ അവൻ എങ്ങനെ അഭ്യസിക്കപ്പെട്ടു എന്നതിനെക്കുറിച്ച് എന്ത് ഉൾക്കാഴ്ചയാണ് അവർക്ക് നൽകാൻ കഴിയുക?**

ലൂക്കൊസ് 1:26–38

ലൂക്കൊസ് 1:46–55

മത്തായി 1:18–24

ഈ വാക്യങ്ങളിലൂടെ യോസേഫും മറിയയും വിശ്വസ്തരായ യെഹൂദർ ആയിരുന്നുവെന്ന് നമുക്ക് കാണാൻ കഴിയും, ദൈവത്തിന്റെ കല്പനകൾക്കും പ്രമാണങ്ങൾക്കും അനുസൃതമായി ജീവിക്കാൻ തിരഞ്ഞെടുത്തവർ. ഇതിനു പുറമേ, അവർക്ക് എന്തു സംഭവിക്കാൻ പോകയാണെന്ന് ദൈവം അവരോട് പറഞ്ഞപ്പോൾ, അവർ വിശ്വസ്തമായി അവരോട് പറഞ്ഞതെല്ലാം ചെയ്തു.

“ബാലനായ യേശുവിന് യെഹൂദാ പള്ളിയിലല്ല വിദ്യാഭ്യാസം സിദ്ധിച്ചത്. അവന്റെ മാതാവായിരുന്നു അവന്റെ ആദ്യ മനുഷ്യഗുരു. അവളുടെ ചുണ്ടുകളിൽനിന്നും പ്രവാചകന്മാരുടെ ചുരുളുകളിൽനിന്നും, അവൻ സ്വർഗ്ഗീയ കാര്യങ്ങളെക്കുറിച്ച് പഠിച്ചു. യിസ്രായേലിനുവേണ്ടി അവൻ തന്നെ മോശെയോട് സംസാരിച്ച അതേ വാക്കുകൾ ഇപ്പോൾ അവൻ അമ്മയുടെ കാല്ക്കൽ ഇരുന്ന് പഠിച്ചു. അവൻ ബാല്യത്തിൽ നിന്ന് യൗവനത്തിലേക്ക് മുന്നേറിയപ്പോൾ, അവൻ റബ്ബിമാരുടെ പാഠശാലകൾ തേടിയില്ല. അപ്രകാരമുള്ള ഉറവിടങ്ങളിൽനിന്നുള്ള വിദ്യാഭ്യാസം അവന് ആവശ്യമായിരുന്നില്ല; കാരണം ദൈവമായിരുന്നു അവന്റെ ഗുരു” E. G. White, The Desire of Ages, p. 70.

പൈതലിന് അവർ വിശ്വസ്തരും നല്ലവരുമായ ഗുരുക്കന്മാരായിരുന്നു എന്നതിൽ സംശയമൊന്നുമില്ല, എന്നാൽ, ലൂക്കൊസ് 2:41–50 ലെ കഥ വെളിപ്പെടുത്തുന്നതുപോലെ, അവരുടെ മകനെക്കുറിച്ച് അവർ മനസ്സിലാക്കാതിരുന്ന വളരെയധികം കാര്യങ്ങളുണ്ടായിരുന്നു, കാരണം ദൈവത്താൽ മാത്രം അവനു നൽകപ്പെട്ട അറിവും ജ്ഞാനവും യേശുവിനുണ്ടായിരുന്നു.

**മേൽ ഉദ്ധരിച്ചിരിക്കുന്ന എലൻ ജി. വൈറ്റ് ഉദ്ധരണി വീണ്ടും വായിക്കുക. അവൻ തന്നെ സംസാരിച്ച വാക്കുകൾ അവന്റെ മാതാവിൽ നിന്നും അവൻ പഠിച്ചു എന്നതിനെക്കുറിച്ച് അവൾ എഴുതിയതുമായി നമ്മുടെ മനസ്സിനെ നാം എങ്ങനെ പരുവപ്പെടുത്തും? ദൈവത്തിന്റെ ആശ്ചര്യകരമായ സ്നേഹത്തെക്കുറിച്ച് ഇത് എന്ത് പറയുന്നു? വീഴ്ച ഭവിച്ചതും പാപജീവികളുമായ നാം എങ്ങനെ പ്രതികരിക്കണം?**

## ആശയവിനിമയം

ഒരു ശരിയായ അർത്ഥത്തിൽ, ഏത് നിലയിലുള്ള വിദ്യാഭ്യാസവും ആശയവിനിമയമാണ്. ഗുരുവിനാണ് വിദ്യാർത്ഥിക്ക് നൽകാനുള്ള അറിവ്, ജ്ഞാനം, വിവരങ്ങൾ, വസ്തുതകൾ അങ്ങനെ എന്തും പക്കലുള്ളത്. വളരെ അറിവു നിറഞ്ഞ ഏതൊരാളും അത് മറ്റുള്ളവരുമായി ആശയവിനിമയം നടത്താൻ കഴിവുള്ളവരായിരിക്കണം; അല്ലെങ്കിൽ അവനോ അവൾക്കോ അറിവുണ്ടായിട്ട് എന്ത് ഫലം, ഏറ്റവും കുറഞ്ഞ പക്ഷം പഠിപ്പിക്കുന്ന കാര്യത്തിലെങ്കിലും? എന്നിരുന്നാലും, വേറൊരു നിലയിൽ, നല്ല അദ്ധ്യാപന കഴിവ് എന്നത് ആശയവിനിമയം നടത്താനുള്ള കഴിവ് മാത്രമല്ല. ആ പ്രക്രിയയ്ക്ക് സുപ്രധാനമായ മറ്റൊന്ന് ഒരു ബന്ധം കെട്ടിപ്പടുക്കുക എന്നതാണ്.

"അവന്റെ സ്വന്തം സൗഹൃദം എന്ന ദാനത്തെക്കാൾ വിലപ്പെട്ടതായി ഒരു ശരിയായ ഗുരുവിനും അവന്റെ വിദ്യാർത്ഥിക്ക് നൽകുവാനില്ല. അത് സ്ത്രീപുരുഷന്മാരുടെ കാര്യത്തിൽ സത്യമാണ്. യുവജനങ്ങളുടെയും കുഞ്ഞുങ്ങളുടെയും കാര്യത്തിൽ അത് എത്ര അധികം, അനുകമ്പയിലൂടെ അവരെ സ്പർശിക്കുമ്പോൾ മാത്രമേ നമുക്ക് അവരെ മനസ്സിലാക്കാൻ കഴിയുകയുള്ളൂ; അത് ഏറ്റവും ഫലപ്രദമായി ഗുണകരമാകാൻ നാം അവരെ മനസ്സിലാക്കേണ്ടതുണ്ട്" - E. G. White, Education, p. 122.

മറ്റൊരു വിധത്തിൽ, പറഞ്ഞാൽ നല്ല അദ്ധ്യാപനം വ്യക്തിപരവും വൈകാരികവുമായ നിലയിൽ പ്രവർത്തിക്കുന്നു. ഒരു കുടുംബം ഒരു പാഠശാല എന്നതിൽ, ഇത് അതിപ്രധാനമാണ്. അദ്ധ്യാപകനും വിദ്യാർത്ഥിക്കും ഇടയിൽ ഒരു നല്ല ബന്ധം കെട്ടിപ്പടുക്കണം. ബന്ധങ്ങൾ സ്ഥാപിക്കപ്പെടുന്നതും വികസിക്കപ്പെടുന്നതും ആശയവിനിമയത്തിലൂടെയാണ്. പ്രാർത്ഥനയിലൂടെയോ വേദപുസ്തക വായനയിലൂടെയോ ക്രിസ്ത്യാനികൾ ദൈവവുമായി ആശയവിനിമയം നടത്താതിരിക്കുമ്പോൾ, ദൈവവുമായുള്ള അവരുടെ ബന്ധം സ്തംഭിക്കുന്നു. ക്രിസ്തുവിന്റെ പരിജ്ഞാനത്തിലും കൃപയിലും അവർ വളരണമെങ്കിൽ കുടുംബങ്ങൾക്ക് ദിവ്യ നടത്തിപ്പ് ആവശ്യമാണ്.

**തുടർന്നുള്ള വാക്യങ്ങൾ വായിക്കുക. ശക്തമായ കുടുംബബന്ധങ്ങൾ കെട്ടിപ്പടുക്കുന്നതിനെക്കുറിച്ച് നമുക്ക് അവയിൽനിന്ന് എന്ത് പഠിക്കാനാകും?**

**സങ്കീ. 37:7–9; സദൃശ. 10:31,32; 27:17; എഫെ. 4:15; 1 യോഹ. 3:18; തീത്തൊസ് 3:1,2; യാക്കോബ് 4:11.**

ആശയവിനിമയത്തിന്റെ ശരിയായ വിത്തുകൾ വിതയ്ക്കാൻ സമയമെടുക്കുന്നത് ക്രിസ്തുവുമായി ഒരു വ്യക്തിപരമായ ബന്ധമുണ്ടാക്കാൻ കുടുംബാംഗങ്ങളെ തയ്യാറാക്കുക മാത്രമല്ല, പിന്നെയോ കുടുംബത്തിനുള്ളിൽ വ്യക്തികൾ തമ്മിലുള്ള ബന്ധം വികസിപ്പിക്കാൻ സഹായിക്കും. നിങ്ങളുടെ കുട്ടികൾ പ്രായപൂർത്തി ആകുകയോ മുതിർന്നവരാകുകയോ ചെയ്യുമ്പോൾ നിങ്ങൾക്ക് സന്തോഷമാകും വിധം ആശയവിനിമയത്തിന്റെ ചാലുകൾ അത് തുറക്കും. ഇനിയിപ്പോൾ നിങ്ങൾക്ക് കുട്ടികളില്ലെങ്കിലും, ഈ വാക്യങ്ങളിൽ കാണുന്ന തത്വങ്ങൾക്ക് എല്ലാത്തരം ബന്ധങ്ങൾക്കും യോജിച്ചതാണ്.

**നമ്മൾ പറയുന്നതു മാത്രമല്ല അത്ര പ്രാധാന്യമായിരിക്കുന്നത്, പിന്നെയോ നാം അത് എങ്ങനെ പറയുന്നു എന്നതുകൂടിയാണ് എന്ന് ചിന്തിക്കുക. നിങ്ങൾ പറഞ്ഞത് ശരിയായിരുന്നിട്ടുകൂടി, നിങ്ങൾ പറഞ്ഞ രീതി മുഖാന്തരം അതിന്റെ സ്വാധീനം നഷ്ടമായ സാഹചര്യങ്ങളിൽനിന്ന് നിങ്ങൾ എന്തു പഠിച്ചു?**

## മാതാപിതാക്കളുടെ പങ്ക്

**“പിതാക്കന്മാരേ, നിങ്ങളുടെ മക്കളെ കോപിപ്പിക്കാതെ കർത്താവിന്റെ ബാലശിക്ഷയിലും പഥ്യോപദേശത്തിലും പോറ്റി വളർത്തുവിൻ” (എഫെ. 6:4).**

**“സാമർത്ഥ്യമുള്ള ഭാര്യയെ ആർക്കു കിട്ടും? അവളുടെ വില മുത്തുകളിലും ഏറും” (സദൃശ. 31:10).**

മാതാപിതാക്കൾക്ക് വലിയ ഉത്തരവാദിത്വമുണ്ട്. കുടുംബത്തിന്റെ തലവനാണ് പിതാവ്, കുടുംബമാകട്ടെ സമൂഹത്തിന്റെയും, പാഠശാലയുടെയും, സഭയുടെയും ബാലവാടിയാണ്. പിതാവ് ക്ഷീണിതനും, നിരുത്തരവാദിയും, കഴിവുകെട്ടവനുമാണെങ്കിൽ, സമൂഹവും, പാഠശാലയും, സഭയും, കുടുംബവും അതിന്റെ പരിണതഫലങ്ങൾ അനുഭവിക്കും. പിതാക്കന്മാർ ആത്മാവിന്റെ ഫലമായ “സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം” (ഗലാ. 5:22,23) എന്നിവ പ്രകടിപ്പിക്കണം.

അമ്മമാർക്കും ഒരുപക്ഷേ സമൂഹത്തിൽ ആകമാനം ഏറ്റവും പ്രധാന പങ്കാണ് ഉള്ളത്. അവരുടെ കുഞ്ഞുങ്ങളുടെ സ്വഭാവരൂപീകരണത്തിലും ഭവനത്തിന്റെ മനോഭാവത്തിലും മാനസികാവസ്ഥയിലും അവർക്ക് വലിയ സ്വാധീനമുണ്ട്. അവരുടെ കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസ കാര്യത്തിൽ പിതാക്കന്മാർ അമ്മമാരോട് ചേർന്ന് കഴിയാവുന്നതൊക്കെ ചെയ്യണം.

**അമ്മമാർക്കും അപ്പന്മാർക്കും ഈ വാക്യങ്ങളിൽനിന്ന് എന്ത് പഠിക്കാൻ കഴിയും? എഫെ. 5:22,23,25,26; 1 കൊരി. 11:3; 2 കൊരി. 6:14; റോമർ 13:13,14; 2 പത്രൊസ് 1:5–7; ഫിലി. 4:8.**

അവരുടെ പെരുമാറ്റത്തിലൂടെ ക്രിസ്തുവിന്റെയും സഭയുടെയും ഒരു വേദപുസ്തകപരമായ മാതൃക നൽകാനുള്ള ധാർമ്മിക കടപ്പാട് ക്രിസ്തീയ മാതാപിതാക്കൾക്കുണ്ട്. വിവാഹബന്ധം സഭയുമായുള്ള ക്രിസ്തുവിന്റെ ബന്ധത്തിന്റെ ഒരു സാദൃശ്യമാണ്. മാതാപിതാക്കൾ നയിക്കാൻ വിസമ്മതിക്കയും, അല്ലെങ്കിൽ ഒരു മർദ്ദനഭരണം നടത്തുകയും ചെയ്യുമ്പോൾ, അവർ ലോകത്തിനും അവരുടെ മക്കൾക്കുമായി ക്രിസ്തുവിന്റെ ഒരു വ്യാജചിത്രം വരയ്ക്കുകയാണ്. അവരുടെ കുഞ്ഞുങ്ങളെ ശുഷ്കാന്തിയോടെ അഭ്യസിപ്പിക്കാനാണ് ദൈവം എല്ലാ ക്രിസ്തീയ മാതാപിതാക്കളോടും കല്പിക്കുന്നത് (ആവ. 6:7 കാണുക). അവരുടെ പൂർണ്ണഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കാൻ കുഞ്ഞുങ്ങളെ പഠിപ്പിക്കാനുള്ള ഉത്തരവാദിത്വം മാതാപിതാക്കൾക്കുണ്ട്. അവർ യഹോവാഭക്തിയും, അവനോടുള്ള സമ്പൂർണ്ണമായ അർപ്പണവും കീഴ്പ്പെടലും പഠിപ്പിക്കണം.

ആവർത്തനം 6:7 ൽ, അവന്റെ ജനങ്ങൾക്കായി ദൈവം ചെയ്ത വലിയ കാര്യങ്ങളെ സംബന്ധിച്ച് അവരുടെ കുഞ്ഞുങ്ങളെ പഠിപ്പിക്കുന്നതിനെക്കുറിച്ച് യിസ്രായേൽമക്കൾക്ക് വ്യക്തമായ നിർദ്ദേശങ്ങൾ നൽകപ്പെട്ടിരുന്നു.

അപ്രകാരം, നാം നൽകേണ്ടുന്ന പരിശീലനമോ സൗഖ്യമോ എന്നത് നമ്മുടെ കുഞ്ഞുങ്ങളിലേക്ക് ദൈവത്തിന്റെ സത്യം പകരുകയും അവരെ ക്രിസ്തുവുമായുള്ള അവരുടെ സ്വന്തം ബന്ധത്തിലേക്ക് നയിക്കുന്ന സംഭവത്തിന്റെ തുടക്കമാണ്.

## "നിങ്ങൾ മറക്കാതിരിക്കേണ്ടതിന്"

യിസ്രായേൽമക്കൾ വാഗ്ദത്തനാട്ടിലേക്ക് പ്രവേശിക്കുന്നതിനുമുമ്പ്, മോശെ അവരോട് വീണ്ടും സംസാരിച്ചു, ദൈവം അവരെ നടത്തിയ അത്ഭുതകരമായ വഴികൾ അവൻ ഓർമ്മിപ്പിച്ചു, ദൈവം അവർക്ക് ചെയ്തതൊന്നും മറക്കരുതെന്ന് വീണ്ടും വീണ്ടും അവൻ ഗുണദോഷിച്ചു. അനേക രീതികളിൽ ആവർത്തനപുസ്തകമായിരുന്നു മോശെയുടെ സാക്ഷ്യവും ആഗ്രഹവും. ആയിരക്കണക്കിന് വർഷങ്ങൾക്ക് മുമ്പാണ് അത് എഴുതപ്പെട്ടതെങ്കിലും, നാം ഇന്ന് നേരിടുന്നതിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒരു ജീവിതസാഹചര്യവും സംസ്കാരവുമായിരുന്നെങ്കിലും, ആ തത്വങ്ങൾ നമുക്കുകൂടി ബാധകമാണ്.

**ആവർത്തനം 6 വായിക്കുക. ക്രിസ്തീയ വിദ്യാഭ്യാസത്തിന്റെ തത്വങ്ങളെക്കുറിച്ച് ഈ അദ്ധ്യായത്തിൽനിന്ന് നമുക്ക് എന്ത് പഠിക്കാൻ കഴിയും? നാം പഠിപ്പിക്കുന്ന സകലതിന്റെയും കാതൽ എന്തായിരിക്കണം, നമ്മുടെ കുഞ്ഞുങ്ങൾക്കു മാത്രമല്ല പിന്നെയോ ദൈവത്തെക്കുറിച്ചും അവന്റെ വലിയ രക്ഷാപ്രവർത്തനങ്ങളെ സംബന്ധിച്ചും അറിയാത്ത ആരോടും ഈ വാക്യങ്ങളിൽ കാണപ്പെടുന്ന താക്കീതുകളും എന്താണ്?**

അതിനാൽ, അവർ അവരുടെ കുഞ്ഞുങ്ങളെ പഠിപ്പിച്ചതിന്റെ സകലത്തിന്റെയും മുഖ്യവിഷയം അവർക്കിടയിൽ ദൈവം ചെയ്ത അത്ഭുത പ്രവർത്തനമാണ്. ഇതിനുപുറമേ, ദൈവം അവർക്ക് ചെയ്ത യാതൊന്നും മറക്കരുതെന്ന വ്യക്തമായ താക്കീതും. നിശ്ചയമായും, മാതാപിതാക്കൾ അവരുടെ മക്കളുടെ ജീവിതങ്ങളിലേക്ക് വേദപുസ്തക ഉപദേശങ്ങൾ സംയോജിപ്പിക്കുക എന്ന മുഖ്യപങ്ക് വഹിക്കണമെങ്കിൽ, അവരുടെ തന്നെ ജീവിതങ്ങളെ ക്രമീകരിക്കുകയും കുഞ്ഞുങ്ങളോടൊത്ത് സമയം ചെലവഴിക്കുന്നതിന് ആവശ്യമായ പരിജ്ഞാനം ഉണ്ടായിരിക്കുകയും വേണം.

"കുഞ്ഞിന്റെ ആദ്യഗുരു മാതാവാണ്. ഏറ്റവും എളുപ്പം വികാരവിധേയമാകുന്ന കാലത്തിലും ഏറ്റവുമധികം വികസനം പ്രാപിക്കുന്ന സമയത്തും കുഞ്ഞിന്റെ വിദ്യാഭ്യാസം ഒരു വലിയ അളവുവരെ അവളുടെ കൈകളിലാണ്" - E. G. White, Education, p. 275.

ദൈവത്തിന്റെ വാഗ്ദത്തങ്ങളെക്കുറിച്ചും സ്നേഹത്തെക്കുറിച്ചും മാതാപിതാക്കൾ അവരുടെ കുഞ്ഞുങ്ങളെ ശുശ്രൂഷിക്കുന്ന സമയമാണിത്. നിങ്ങളുടെ കുഞ്ഞുങ്ങളോട് വ്യക്തിപരമായി ദൈവത്തിന്റെ വാഗ്ദത്തങ്ങളും പരിജ്ഞാനവും പഠിപ്പിക്കുന്നതിന് ഒരു കൃത്യമായ സമയം മാറ്റിവെക്കുന്നത് നിങ്ങളുടെ കുടുംബത്തിന് തലമുറകളോളം പ്രസാദാത്മക സ്വാധീനം ഉണ്ടാക്കും.

**ഈ വാക്യം വായിക്കുക: "നീ അവയെ നിന്റെ മക്കൾക്ക് ഉപദേശിച്ചു കൊടുക്കയും നീ വീട്ടിൽ ഇരിക്കുമ്പോഴും വഴിനടക്കുമ്പോഴും കിടക്കുമ്പോഴും എഴുന്നേല്ക്കുമ്പോഴും അവയെക്കുറിച്ചു സംസാരിക്കയും വേണം" (ആവ. 6:7). ഇവിടെയുള്ള വിഷയം എന്താണ്, ദൈവത്തിന്റെ യാഥാർത്ഥ്യം നമ്മുടെ കുഞ്ഞുങ്ങളുടെ മുമ്പിൽ മാത്രമല്ല നമ്മുടെ മുമ്പിലും വളരെ പ്രധാനമാണ് എന്നതിനെക്കുറിച്ച് ഇത് നമ്മോട് എന്തു പറയുന്നു?**

## കൂടുതൽ ചിന്ത:

**എലൻ ജി. വൈറ്റിന്റെ "Preparation", pp. 275-282; "Co-operations", pp. 283-286; "Discipline", pp. 287-297 എന്നിവ, Education എന്ന പുസ്തകത്തിൽ വായിക്കുക.**

"പൈതലിന്റെ ആദ്യകാലത്തെയും പിന്നീടുള്ളതുമായ പരിശീലനത്തിന് മാതാക്കളുടെയും പിതാക്കന്മാരുടെയും മേൽ ഒരു ഉത്തരവാദിത്വം നിക്ഷിപ്തമായിരിക്കുന്നു, രണ്ടുപേർക്കും ശ്രദ്ധാപൂർവ്വവും വിശദവുമായ ഒരുക്കത്തിന്റെ നിർബന്ധപൂർവ്വമായ ആവശ്യം എത്രയും വേഗത്തിൽ നടത്തേണ്ടതാണ്. അവരുടെ മേൽ തന്നെ പിതൃത്വത്തിന്റെയും മാതൃത്വത്തിന്റെയും സാധ്യതകൾ ഏറ്റെടുക്കുന്നതിനു മുമ്പു തന്നെ സ്ത്രീയും പുരുഷനും ശാരീരിക വികസനത്തിന്റെ പ്രമാണങ്ങളെക്കുറിച്ച് പരിചിതരായിരിക്കണം... അവർ ധാർമ്മിക പരിശീലനത്തിന്റെയും മാനസിക വികാസത്തിന്റെയും നിയമങ്ങൾ മനസ്സിലാക്കിയിരിക്കണം" - E. G. White, Education, p. 276.

"ഭവനജീവിതത്തിൽ, സഹകരണത്തിന്റെ പ്രവർത്തനം മാതാവിലും പിതാവിലും തന്നെ ആരംഭിക്കണം. അവരുടെ കുഞ്ഞുങ്ങളുടെ പരിശീലനത്തിൽ അവർക്ക് ഒരു കൂട്ടായ ഉത്തരവാദിത്വമുണ്ട്, ഒരുമിച്ച് പ്രവർത്തിക്കുക എന്നത് അവരുടെ നിരന്തരമായ പരിശ്രമവും ആയിരിക്കണം. അന്യോന്യം നിലനിർത്തുന്നതിന് അവനിൽനിന്നും സഹായം തേടിക്കൊണ്ട് അവരെത്തന്നെ ദൈവത്തിനു കീഴ്പ്പെടുത്തട്ടെ... ഈ പരിശീലനം കൊടുക്കുന്ന മാതാപിതാക്കൾ അദ്ധ്യാപകരെ വിമർശിക്കുന്നവരുടെ കൂട്ടത്തിൽ കാണാൻ സാധ്യതയില്ല. സ്കൂളിനോടുള്ള നീതിയും അവരുടെ കുഞ്ഞുങ്ങളുടെ താല്പര്യവും അത് ആവശ്യപ്പെടുന്നു എന്ന് അവർ കരുതുന്നു, അതിനാൽ തന്നെ കഴിയാവുന്നിടത്തോളം അവരുടെ ഉത്തരവാദിത്വം പങ്കുവയ്ക്കുന്ന ആളോട് അവർ ആദരവ് നിലനിർത്തുന്നു" - E. G. White, Education, p. 283.

**ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ**

1. **നമുക്ക് കുഞ്ഞുങ്ങൾ ഉണ്ടായാലും ഇല്ലെങ്കിലും, നാമെല്ലാം നിലനില്ക്കുന്നത് ഏതെങ്കിലും തരത്തിലുള്ള വാസസ്ഥലത്താണ്, നാമെല്ലാം മറ്റുള്ളവരുമായി ഇടപെടുകയും ചെയ്യുന്നു. മറ്റൊരിടത്തോ നിങ്ങൾ താമസിക്കുന്നിടത്തോ മറ്റുള്ളവരുമായി ഇടപെടുന്നതിനോ സാക്ഷീകരിക്കുന്നതിനോ പോലും, നിങ്ങളെ സഹായിക്കുന്ന എന്താണ് നിങ്ങൾ ഈയാഴ്ചയിലെ പാഠത്തിൽനിന്നും പഠിച്ചത്?**
2. **നാം വിദ്യാഭ്യാസത്തെ ഒരു നല്ല കാര്യമായി കാണാറുണ്ട് (എന്തായാലും, ആർക്കാണ് വിദ്യാഭ്യാസത്തിന് എതിരാകാൻ കഴിയുക?). എന്നാൽ എപ്പോഴും ഇതാണോ സ്ഥിതി? വിദ്യാഭ്യാസങ്ങൾ വഴിതെറ്റിച്ച് എന്തെങ്കിലും ചീത്തയായി ഭവിച്ചതിന്റെ ഉദാഹരണങ്ങൾ എന്തായിരിക്കും?**
3. **ബുധനാഴ്ചയിലെ പാഠത്തിൽ പ്രതിപാദിച്ചതുപോലെ, നമുക്കെല്ലാവർക്കും തിരഞ്ഞെടുപ്പവകാശത്തിന്റെ ദാനം നൽകപ്പെട്ടിട്ടുണ്ട്. അധികം താമസിയാതെ, കുഞ്ഞുങ്ങൾ യുവജനങ്ങളോ പ്രായപൂർത്തിയായവരോ ആകുമ്പോൾ, അവരുടെ ചെറുപ്പകാലം മുഴുവൻ അവരെ പഠിപ്പിച്ച ദൈവത്തെക്കുറിച്ച് സ്വയമായി തീരുമാനം എടുക്കേണ്ടി വരും. എന്തുകൊണ്ടാണ് എല്ലാ മാതാപിതാക്കളും - വാസ്തവത്തിൽ ആരായാലും മറ്റുള്ളവരോട് സാക്ഷ്യം പറയുകയോ സുവിശേഷം മറ്റുള്ളവരെ പഠിപ്പിക്കാൻ ആഗ്രഹിക്കുകയോ ചെയ്യുന്നവർ, തിരഞ്ഞെടുപ്പവകാശത്തെക്കുറിച്ചുള്ള സുപ്രധാന സത്യം മനസ്സിൽ വയ്ക്കേണ്ടത്?**